**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 282** **27-06-2024 - ൽ മറുപടിയ്ക്ക്**

**കൃഷി സംരക്ഷണത്തിനായി കെ-ഡിസ്ക് മുഖേന സ്വീകരിച്ച നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി,<br>ശ്രീ സി കെ ഹരീന്ദ്രൻ,<br>ശ്രീ. ടി.ഐ.മധുസൂദനൻ,<br>ശ്രീ . കെ .ഡി .പ്രസേനൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | വിളകൾ സംരക്ഷിക്കാനും കർഷകരെ രക്ഷിക്കാനും വിവിധ മേഖലകളിൽ മൂല്യവർദ്ധിത വസ്തുക്കളുടെ നിർമ്മാണം സാധ്യമാക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ; | (എ) | **കർഷകരുടെ ഉൽപ്പന്നങ്ങൾക്ക് കൂടുതൽ വില ലഭ്യമാക്കുന്നതിനായി, പ്രസ്തുത ഉൽപ്പന്നങ്ങളുടെ മൂല്യ വർദ്ധനവ് ലക്ഷ്യമാക്കി കൃഷി വകുപ്പ് നടപ്പാക്കി വരുന്ന പോസ്റ്റ് ഹാർവെസ്റ്റ് മാനേജ്മെന്റ് ആൻഡ് വാല്യൂ അഡിഷൻ പദ്ധതി പ്രകാരം എസ്.എഫ്.എ.സി മുഖേനെ സൂക്ഷ്മ - ചെറുകിട സംരംഭങ്ങൾക്കും എഫ്.പി.ഒ-കൾക്കുമായി 2023-24 സാമ്പത്തിക വർഷത്തിൽ 569.12 ലക്ഷം രൂപ ടി പദ്ധതി പ്രകാരം വിതരണം ചെയ്തിട്ടുണ്ട്.**<br><br>**ഫാം പ്ലാൻ പദ്ധതി പ്രകാരം മൂല്യ വർദ്ധനവ് ഉൾപ്പടെയുള്ള കാർഷിക പ്രവർത്തനങ്ങൾ ലക്ഷ്യമാക്കി രൂപീകരിച്ചിട്ടുള്ള 100 എഫ്.പി.ഒ കൾ ഉൾപ്പടെയുള്ള മൂല്യവർധിത സംരംഭങ്ങൾക്കായി 157.93 ലക്ഷം രൂപയും "ഞങ്ങളും കൃഷിലേക്ക്" പദ്ധതി പ്രകാരം രൂപീകരിച്ചിട്ടുള്ള കൃഷിക്കൂട്ടങ്ങളിൽ, മൂല്യ വർധന മേഖലയിലെ 1000 കൃഷി കൂട്ടങ്ങൾക്കും, സേവന മേഖലയിലെ 200 കൃഷി കൂട്ടങ്ങൾക്കും 50,000 രൂപ വീതവും 2023-24 സാമ്പത്തിക വർഷത്തിൽ വിതരണം ചെയ്തിട്ടുണ്ട്.**<br><br>**കൃഷിവകുപ്പിന്റെ നിയന്ത്രണത്തിലുള്ള ഫാമുകളുടെയും, പൊതുമേഖലാ സ്ഥാപനങ്ങളുടെയും, കർഷകർ / കർഷകകൂട്ടായ്മയുടെയും ഗുണമേന്മയുള്ള ഉത്പന്നങ്ങൾക്ക്, രാജ്യവ്യാപകമായി വിപണി കണ്ടെത്തുന്നതിനും, കൂടുതൽ ഉപഭോക്താക്കളിലേക്ക് കേരളത്തിലെ ഉൽപ്പന്നങ്ങൾ എത്തിക്കുന്നതിനും, അത് വഴി കർഷകരുടെ വരുമാനം വർധിപ്പിക്കുന്നതിനും ലക്ഷ്യമിട്ട് "കേരളഗ്രോ" എന്ന പേരിൽ ഒരു ട്രേഡ്മാർക് തയാറാക്കി ഉത്പന്നങ്ങൾക്ക് "Keralagro" എന്ന പേരിൽ ബ്രാൻഡ്** |

| | | | |
|---|---|---|---|
| | | | **നൽകുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ഈ പദ്ധതി പ്രകാരം, ഒന്നാം ഘട്ടമായി കൃഷി വകുപ്പിന്റെ നിയന്ത്രണത്തിലുള്ള 22 ഫാമുകളിലെ 183 ഉത്പന്നങ്ങളും സ്റ്റേറ്റ് ബയോകൺട്രോൾ ലാബിൽ നിന്നുള്ള 10 ഉത്പന്നങ്ങളും കേരളഗ്രോ ബ്രാൻഡിൽ നേരിട്ടും ഓൺലൈൻ പ്ലാറ്റഫോമിലൂടെയും പൊതുജനങ്ങൾക്ക് എത്തിച്ചുവരുന്നു. കൂടാതെ സംസ്ഥാനത്തൊട്ടാകെ 92 സംരംഭകരുടേതായി 571 ഉൽപ്പന്നങ്ങൾക്ക് "Keralagro" ബ്രാൻഡ് അനുവദിയ്ക്കുന്നതിനും, ആയത് ഓൺലൈൻ പ്ലാറ്റഫോമിലൂടെ വിപണനം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.**<br><br>**'ഞങ്ങളും കൃഷിയിലേയ്ക്ക്' പദ്ധതി പ്രകാരം രൂപീകരിച്ചിട്ടുള്ള മൂല്യവർദ്ധന മേഖലയിലുള്ള കൃഷിക്കൂട്ടങ്ങൾ, ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷൻ തുടങ്ങിയവയ്ക്ക് സർക്കാർ പിന്തുണ നല്കുന്നുണ്ട്. കൂടാതെ കാർഷിക മേഖലയിലെ മൂല്യവർദ്ധനവും ഗുണമേന്മയുള്ള ഉൽപ്പന്നങ്ങളുടെ വിപണനവും സാദ്ധ്യമാക്കുന്നതിനായി കേരള അഗ്രോ ബിസിനസ് കമ്പനി (കാബ്കോ) രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്പനിയിലൂടെ കാർഷിക ഉല്പന്നങ്ങളുടെ മൂല്യവർദ്ധനവിനും സംസ്കരണത്തിനും ഊന്നൽ നല്കുന്നതിനായി 5 അഗ്രി പാർക്കുകളും, 7 അഗ്രി ടെക്ക് ഫെസിലേറ്റഷൻ സെന്ററുകളും സ്ഥാപിക്കുന്നതിനും, ഏകോപിപ്പിക്കുന്നതിനും സാദ്ധ്യമാകും. മൂല്യവർദ്ധന ഉൽപ്പന്നങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന പൊതുമേഖല സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുള്ള ഏജൻസിയായി കാബ്കോ പ്രവർത്തിക്കും. ഇതോടൊപ്പം മൂല്യവർദ്ധനവിൽ ഊന്നിക്കൊണ്ടുള്ള സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനും കർഷക ഉത്പാദക സംഘടനകൾ രൂപീകരിക്കുന്നതിനും സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ് കൺസോർഷ്യം (SFAC) മുഖേന സാമ്പത്തിക സഹായവും നല്കി വരുന്നു.**<br><br>**Kerala Agriculture Technology Hub and Information Repository (KATHIR) പദ്ധതിയിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഉപയോഗിച്ച് ഫീൽഡിലെ രോഗകീട സാദ്ധ്യതകൾ കണ്ടെത്തി അതിനെ പ്രതിരോധിക്കുവാൻ സ്വീകരിക്കേണ്ട നടപടികൾ എന്നിവയെക്കുറിച്ച് കർഷകർക്ക് മുന്നറിയിപ്പ് നല്കുവാൻ സാധിക്കുന്നു.** |
| (ബി) | പ്രസ്തുത സമീപനത്തിന്റെ ഭാഗമായി കെ-ഡിസ്ക് മുഖാന്തിരം നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | **1) ബ്ലോക്ക് ചെയിൻ ടെക്നോളജി അധിഷ്ഠിത സ്മാർട്ട് ക്രോപ്പ് ഇൻഷുറൻസ് പദ്ധതി.** |

| | | | |
|---|---|---|---|
| | | | **കർഷകർക്കും, കൃഷി വകുപ്പിനും, പ്രസക്തവും കൃത്യവും സമയബന്ധിതവും സാധുതയുള്ളതുമായ കാലാവസ്ഥാ വിവരങ്ങൾ ലഭ്യമാക്കുന്നതിനും, ഇൻഷുറൻസ് തീർപ്പാക്കൽ പ്രക്രിയയിലെ അനിശ്ചിതത്വം കുറയ്ക്കുന്നതിനും, കാലാവസ്ഥ സാഹചര്യങ്ങൾ എളുപ്പത്തിൽ മനസ്സിലാക്കാനും വേണ്ടി പാലക്കാട് ജില്ലയിലെ ചിറ്റൂർ ബ്ലോക്ക് പഞ്ചായത്തിലെ തിരഞ്ഞെടുത്ത ഏഴ് റഫറൻസ് യൂണിറ്റുകളിൽ ആറു മാസത്തെ പൈലറ്റ് പഠനം പൂർത്തിയാക്കി.**<br><br>**2) ബ്ലോക്ക് ചെയിൻ ടെക്നോളജി അധിഷ്ഠിത ടിഷ്യു കൾച്ചർ ട്രെയിസബിലിറ്റി.**<br><br>**കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന് കീഴിൽ കഴക്കൂട്ടത്തെ ബയോടെക്നോളജി ആൻഡ് മോഡൽ ഫ്ലോറികൾച്ചർ സെന്ററിൽ (ബി.എം.എഫ്.സി) ടിഷ്യു കൾച്ചറിന് വേണ്ടിയുള്ള ട്രെയ്സിബിലിറ്റി സിസ്റ്റം വികസിപ്പിക്കുന്നതിനുള്ള പദ്ധതിയുടെ നടത്തിപ്പിനായി സ്റ്റാർട്ടപ്പിനെ തിരഞ്ഞെടുത്ത് പ്രവർത്തനങ്ങൾ ആരംഭിച്ചു.** |
| (സി) | മൂല്യവർദ്ധിത വസ്തുക്കളുടെ നിർമ്മാണം ത്വരിതപ്പെടുത്തുന്നതിനായി പ്രത്യേക കമ്പനിക്ക് രൂപം കൊടുത്തിട്ടുണ്ടോ; എങ്കിൽ എന്തൊക്കെ കാര്യങ്ങളാണ് ഇതിലൂടെ ലക്ഷ്യമിടുന്നത് എന്നുള്ളതിന്റെ വിശദാംശം ലഭ്യമാക്കുമോ? | (സി) | **സംസ്ഥാനത്ത് ഊർജ്ജിതമായ കാർഷിക വിപണന സംവിധാനം ഒരുക്കുന്നതിനായി കേരള അഗ്രോ ബിസിനസ് കമ്പനി (കാബ്കോ) രൂപീകരിച്ചിട്ടുണ്ട്. കമ്പനിയുടെ ഉദ്ദേശലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.**<br><br>**1. കർഷകർക്ക് മികച്ച വരുമാനവും മെച്ചപ്പെട്ട ജീവിത സാഹചര്യങ്ങളും ഉറപ്പാക്കുക.**<br><br>**2. കർഷകർക്ക് ന്യായമായതും വേഗത്തിലുള്ളതുമായ പ്രതിഫലം ലഭിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിന് അവരുടെ വരുമാന ചക്രത്തിലെ അനിശ്ചിതത്വം നീക്കുന്നതിനും മുൻഗണന നല്കുക.**<br><br>**3. കർഷകർ, കൃഷിക്കൂട്ടങ്ങൾ, കർഷക ഗ്രൂപ്പുകൾ, ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷൻസ്, കർഷക സംഘങ്ങൾ, കാർഷിക സഹകരണ സൊസൈറ്റികൾ എന്നിവയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് അവരുടെ ഉൽപ്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കുന്നതിന് സഹായിക്കുക.**<br><br>**4. വിപണി അടിസ്ഥാനമാക്കി ഉൽപ്പാദനം മുതൽ സംഭരണം, സംസ്കരണം, മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണം അവയുടെ ദേശീയ/ അന്തർദേശീയ തലത്തിലുള്ള വിപണനം എന്നീ കാര്യങ്ങളിൽ കർഷകരെ പ്രാപ്തരാക്കുക.** |

| | | | |
|---|---|---|---|
| | | | 5. മൂല്യവർദ്ധനയ്ക്കായി അത്യാധുനിക ഭക്ഷ്യ സംസ്കരണ സാങ്കേതികവിദ്യ ലഭ്യമാക്കി കേരളത്തിന്റെ കാർഷികോൽപ്പന്നങ്ങൾ കയറ്റുമതി ചെയ്യാൻ കഴിയുന്ന ആഭ്യന്തര, അന്തർദേശീയ വിപണികളെ കണ്ടെത്തുക.<br><br>6. കാർഷിക ഉൽപ്പന്നങ്ങളുടെ മൂല്യവർദ്ധനയ്ക്കും സംസ്കരണത്തിനും ഊന്നൽ നൽകുന്നതിനായി അഗ്രിപാർക്കുകൾ, അഗ്രി ഫെസിലിറ്റേഷൻ സെന്ററുകൾ എന്നിവ സ്ഥാപിക്കുകയും ഉൽപ്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കുന്നതിന് സഹായിക്കുകയും ചെയ്യുക.<br><br>7. നിലവിലെ കാർഷിക മൊത്ത വ്യാപാര വിപണികളെ പരമാവധി നവീകരിക്കുകയും സംസ്കരണ വിപണനത്തിന് സജ്ജീകരിക്കുകയും ചെയ്യുക.<br><br>8. കേരളത്തിലെ കാർഷിക ഉൽപ്പന്നങ്ങൾക്ക് പൊതു ബ്രാൻഡിംഗ് സംവിധാനം ഏർപ്പെടുത്തുക.<br><br>9. അന്താരാഷ്ട്ര വിപണിയിൽ കേരളത്തിന്റെ സ്ഥാനം നിലനിർത്തുകയും കെട്ടിപ്പടുക്കുകയും ചെയ്യുക. ഉൽപ്പന്നങ്ങൾക്ക് പൊതു ബ്രാൻഡിംഗ് ഏജൻസി എന്ന നിലയിൽ പ്രവർത്തിക്കുക<br><br>10. മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ പൊതു ബ്രാൻഡിംഗ് സംവിധാനത്തിലൂടെ ഓൺലൈൻ മാർക്കറ്റിംഗ് സംവിധാനം വഴി വിപണനം ചെയ്യുക<br><br>11. കൂടാതെ, മൂല്യവർദ്ധനയ്ക്കായി ചെറുകിട കാർഷിക വാണിജ്യവൽക്കരണം വർദ്ധിപ്പിക്കുക എന്നതിന്റെ ഭാഗമായി കർഷകർക്കും / കർഷക ഗ്രൂപ്പുകൾക്കും അഗ്രി ബിസിനസ്സിനും ഇടയിൽ സുസ്ഥിര ഉൽപ്പാദന സഖ്യങ്ങൾ (Productive Alliance) രൂപീകരിക്കുന്നതിനുള്ള പദ്ധതി ലോകബാങ്ക് സഹായത്തോടെ നടപ്പിലാക്കുവാൻ പോകുന്ന 'കേര' പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുണ്ട്. കർഷക മൂല്യ ശൃംഖലയിലെ പൊതുമേഖല, ഉത്പാദകർ / കർഷകർ, കച്ചവടക്കാർ എന്നിവർ തമ്മിലുള്ള പരസ്പര വാണിജ്യ ബന്ധം ശക്തിപ്പെടുത്താൻ ഉൽപ്പാദന സഖ്യങ്ങൾക്ക് സാധിക്കുന്നു. ഇതിലേയ്ക്കായി ഏകദേശം 899 കോടി രൂപയുടെ അടങ്കൽ നിർദ്ദേശിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ